പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.828 11.06.2014-ൽ മറുപടിക്ക്

## കാസർ ഗോഡ് ജില്ലയിലെ കടിവെള്ള പ്രശ്നം

| ചോദ്യം<br>ശ്രീ. ഇ.ചന്ദ്രശേഖരൻ | | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|---|
| എ. വരൾച്ചയെത്തുടർന്ന് കാസർ ഗോഡ് ജില്ലയിലുണ്ടാകുന്ന കടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി ജില്ലാതലത്തിൽ എടുക്കുന്ന തീരുമാനങ്ങൾ ഭരണ സാങ്കേതിക അനുമതികൾ ലഭിച്ച് പ്രവൃത്തി ആരംഭിക്കുമ്പോഴേക്കും മഴ വന്നു എന്ന ഒറ്റക്കാരണത്താൽ നിർത്തി വയ്ക്കുന്നതിന്റെ ഫലമായി കടിവെള്ള പ്രശ്ന ത്തിന് ശാശ്വത പരിഹാരം കാണാതെ പോകുന്നു എന്ന പരാതി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;<br><br>ബി. ഇത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ; | എ & ബി | കാസർ ഗോഡ് ജില്ലയിൽ വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾ പ്പെടുത്തി 120 പ്രവൃത്തികൾക്കായി 413.50 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചുവെങ്കിലും 2014 മെയ് മാസം 31- തീയതിക്കകം പൂർത്തീകരിക്കുവാൻ സാധിക്കാത്തതിന്റെ വെളിച്ചത്തിൽ ഭരണാനുമതി ജില്ലാ കളക്ടർ റദ്ദ് ചെയ്തു. ഇത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരി ക്കേണ്ടത് കാസർ ഗോഡ് ജില്ലാ കളക്ടർ ആണ്. |

സെക്ഷൻ ഓഫീസർ